നം. റ്റി-2000/2018/പി.എച്ച്.റ്റി.എസ്

പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ,
തിരുവനന്തപുരം
തീയതി : 03.11.2018
ഫോൺ : 0471 2479492

## സർക്കുലർ

വിഷയം : പി.എച്ച്.റ്റി.എസ്- ഡി.എച്ച്.ഐ.സി-റഗുലർ പരീക്ഷ ജനുവരി 2019- അപേക്ഷ ക്ഷണിക്കുന്നത് : സംബന്ധിച്ച്

സൂചന : സർക്കാർ ഉത്തരവ് നം. 1262/കെ2/13/എച്ച്.& എഫ്.ഡബ്ല്യു.ഡി തീയതി: 22.03.2013

ഡി.എച്ച്.ഐ കോഴ്സിന്റെ ഒന്നാം വർഷത്തെ റഗുലർ/റീഅപ്പിയറൻസ് പരീക്ഷ ജനുവരി 2019 ൽ നടത്തുവാനായി ഉദ്ദേശിക്കുന്നു. പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള ഫീസിന്റെ ഘടന ചുവടെ ചേർക്കുന്നു.

1. അപേക്ഷ ഫോറം രൂപ 10/-
2. പരീക്ഷാ ഫീ ഓരോ പേപ്പറിനും രൂപ 150/- വീതം
3. പരീക്ഷാ ഫീ (റീഅപ്പിയറൻസ്) ഓരോ പേപ്പറിനും രൂപ 200/- വീതം
4. മാർക്ക് ലിസ്റ്റ് ഓരോ വർഷത്തിനും രൂപ 50/- വീതം
5. ഡിപ്ലോമ ലഭിക്കുന്നതിന് രൂപ 100/- (ഡിപ്ലോമയ്ക്ക് അപേക്ഷ നൽകുന്ന സമയത്ത്)

വിദ്യാർത്ഥികൾ റഗുലർ പരീക്ഷയുടെ അപേക്ഷയോടൊപ്പം പത്താം ക്ലാസ് പരീക്ഷയുടെ ശരിപ്പകർപ്പും സമർപ്പിക്കേണ്ടതാണ്. കോളേജ് അധികൃതർ ഫീസിനത്തിലുള്ള തുക മുഴുവനായും സ്വീകരിച്ച് ഓരോ ബാച്ചിനും പ്രത്യേകം സ്റ്റേറ്റ്മെന്റും വച്ച് അതോടൊപ്പം ഡി.ഡി. (എസ്.ബി.ഐ യിൽ നിന്നുള്ളത്) സെക്രട്ടറി, പാരാമെഡിക്കൽ കൗൺസിൽ, തിരുവനന്തപുരത്തിന്റെ പേരിൽ എടുത്ത് തിരുവനന്തപുരത്ത് മാറേണ്ട വിധത്തിൽ അയയ്ക്കേണ്ടതാണ്.

ഫോട്ടോ സാക്ഷ്യപ്പെടുത്താത്തതും പൂർണ്ണമായും പൂരിപ്പിക്കാത്തതുമായ അപേക്ഷകൾ തിരസ്ക്കരിക്കുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 18.11.2018. അപേക്ഷ ഫോറം ഈ സർക്കുലറിനോടൊപ്പം ആരോഗ്യവകുപ്പ് ഡയറക്ടറുടെ www.dhs.kerala.gov.in/results ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷയും ഡി.ഡി.യും പ്രിൻസിപ്പാൾ, പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ, തിരുവനന്തപുരം- 695035 എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്. ആഗസ്റ്റ് 2018 റീ അപ്പിയറൻസ് പുനർമൂല്യനിർണ്ണയ റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം ഒന്നാം വർഷ റീഅപ്പിയറൻസ് പരീക്ഷകൾക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നതായിരിക്കും.

നോഡൽ ആഫീസർ (ഡി.എച്ച്.ഐ.സി)
പ്രിൻസിപ്പാൾ, പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ